പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4584** **28. 06. 2013-** ലെ മറുപടി

## പ്രവാസികളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സമഗ്ര പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. കെ. സി. ജോസഫ്**<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) തിരികെയെത്തിയ പ്രവാസികളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ സമഗ്ര പദ്ധതി വിശദമാക്കുമോ; | (എ ) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ലക്ഷ്യം. പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, എസ്.ബി.റ്റി., കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിദേശത്ത് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും ജോലി/താമസിച്ച് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസികളും കൂടാതെ ഇത്തരം പ്രവാസികൾ മാത്രം പങ്കാളികളായി ആരംഭിക്കുന്ന കമ്പനികൾ, സൊസൈറ്റികൾ തുടങ്ങിയവയും ആണ് പദ്ധതിയുടെ ഗുണഭോക്താക്കൾ<br><br>പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 10% മൂലധന സബ്സിഡിയാണ് നൽകാൻ തീരുമാനമായിട്ടുള്ളത്(പരമാവധി സബ്സിഡി 2 ലക്ഷം രൂപ മാത്രം). വായ്പ നൽകുന്ന ധനകാര്യ സ്ഥാപനം മുഖേന 'ബാക്ക് എന്റ്' സബ്സിഡിയായിട്ടാണ് |

ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്. ഇതിനു പുറമെ തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ ഉൾപ്പെടെ സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായിക്കഴിഞ്ഞു.

(ബി)ഇതിലൂടെ 2012-13 വർഷത്തിൽ എത്ര പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

(ബി) പ്രസ്തുത പദ്ധതിക്ക് 2012 -13 ബഡ്ജറ്റിൽ 1 കോടി രൂപ നൽകുകയും 2013-14 ബഡ്ജറ്റിൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂൺ 30 വരെ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ